**കേരള സർക്കാർ**

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യവകുപ്പ് - പകർച്ചവ്യാധി മരണങ്ങളുടെ യഥാർത്ഥകാരണങ്ങൾ കണ്ടെത്തുന്നതിനായി സംസ്ഥാനതലത്തിൽ ഒരു ഡെത്ത് ഓഡിറ്റ് സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.883/2019/ആ.കു.വ** **തീയതി, തിരുവനന്തപുരം, 06/04/2019**

പരാമർശം :- ആരോഗ്യവകുപ്പ് ഡയറക്ടറുടെ 23/02/2019 തീയതിയിലെ പി.എച്ച്1-102351/2018/ആ.വ.ഡ നമ്പർ കത്ത്

**ഉത്തരവ്**

പകർച്ചവ്യാധി മരണങ്ങളുടെ യഥാർത്ഥകാരണങ്ങൾ കണ്ടെത്തുന്നതിനും, പകർച്ചവ്യാധി മൂലമുണ്ടാകുന്ന മരണങ്ങളിൽ ഒഴിവാക്കാൻ പറ്റുമായിരുന്ന കാരണങ്ങൾ കണ്ടെത്തി ഭാവിയിൽ അവ പരിഹരിച്ച് ആവശ്യമായ നടപടികൾ യഥാസമയം കൈകൊള്ളുന്നതിനും ആവശ്യമെങ്കിൽ വെർബൽ ഓട്ടോപ്സി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ഡെത്ത് ഓഡിറ്റ് സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പകർച്ചവ്യാധി മരണങ്ങളുടെ യഥാർത്ഥകാരണങ്ങൾ കണ്ടെത്തുന്നതിനും, പകർച്ചവ്യാധി മൂലമുണ്ടാകുന്ന മരണങ്ങളിൽ ഒഴിവാക്കാൻ പറ്റുമായിരുന്ന കാരണങ്ങൾ കണ്ടെത്തി ഭാവിയിൽ അവ പരിഹരിച്ച് ആവശ്യമായ നടപടികൾ യഥാസമയം കൈകൊള്ളുന്നതിനും ആവശ്യമെങ്കിൽ വെർബൽ ഓട്ടോപ്സി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി താഴെപ്പറയുന്നവരെ അംഗങ്ങളാക്കി സംസ്ഥാനതലത്തിൽ ഒരു ഡെത്ത് ഓഡിറ്റ് സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ഡോ. സെൽവരാജൻ ചെട്ടിയാർ.കെ.പി, അസ്സോസിയേറ്റ് പ്രൊഫസർ, ജനറൽ മെഡിസിൻ, ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഡോ.ഷീജ സുഗുണൻ, അസിസ്റ്റൻറ് പ്രൊഫസ്സർ, പീഡിയാട്രിക്സ്, ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം
3. ഡോ.ജ്യോതി.ആർ, അസോസിയേറ്റ് പ്രൊഫസർ, മൈക്രോബയോളജി ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം
4. ഡോ. ടോണി ലോറൻസ്, അസോസിയേറ്റ് പ്രൊഫസർ, കമ്യൂണിറ്റി മെഡിസിൻ & ഇൻ ചാർജ്ജ് ഓഫ് എസ് .പി.ഇ ഐ .ഡി സെൽ, ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം
5. ഡോ. അനിൽ വി, അസിസ്റ്റന്റ് ഡയറക്ടർ, പൊതുജനാരോഗ്യം
6. ഡോ.ശ്യാം സുന്ദർ, മെഡിസിൻ കൺസൾട്ടന്റ്, ജനറൽ ആശുപത്രി, തിരുവനന്തപുരം
7. ഡോ. ബെന്നറ്റ് സൈലം, പീഡിയാട്രിക്സ് കൺസൾട്ടന്റ്, വനിതകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്

8. ഡോ.രേണുക, മൈക്രോബയോളജിസ്റ്റ്, സ്റേറ്റ് പി എച്ച് ലാബ് , തിരുവനന്തപുരം

9. ഡോ.സുമി, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

പ്രസ്തുത സമിതിയ്ക്ക് താഴെ പറയുന്ന ചുമതലകൾ നിശ്ചയിച്ച് നൽകി സർക്കാർ ഉത്തരവാകുന്നു.

1. മാസത്തിലൊരിക്കൽ (10-ാമത്തെ പ്രവർത്തി ദിവസം) സംസ്ഥാന സർവൈലൻസ് യൂണിറ്റിൽ യോഗം ചേർന്ന് ജില്ലകളിൽ നിന്നും ലഭിക്കുന്ന ഡെത്ത് ഇൻവസ്റ്റിഗേഷൻ റിപ്പോർട്ടും ഡെത്ത് ഓഡിറ്റ് റിപ്പോർട്ടും വിശദമായി പരിശോധിച്ച്, മരണത്തിലേയ്ക്ക് നയിച്ച കാരണങ്ങൾ കണ്ടെത്തി റിപ്പോർട്ട് സംസ്ഥാന സർവൈലൻസ് ഓഫീസർക്ക് (അഡീഷണൽ ഡയറക്ടർ, പൊതുജനാരോഗ്യം) സമർപ്പിക്കുക.

2. മരണകാരണം കണ്ടെത്താൻ കഴിയാത്ത സാഹചര്യങ്ങളിൽ ആവശ്യമെങ്കിൽ വെർബൽ ഓട്ടോപ്സി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുക.

3. ജില്ലാസമിതികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും യഥാസമയം നൽകുക

യാത്രാപ്പടി ഉൾപ്പെയുള്ള ഇതിനാവശ്യമുള്ള തുക ഐ.ഡി.എസ്.പി., എസ്.എസ്.യു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സി.കെ.വിനോദൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((എ ആന്റ് ഇ)/ആഡിറ്റ്)), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ